പൊതു വിദ്യാഭ്യാസ
ഡയറക്റ്ററുടെകാര്യാലയം,
ഹയർസെക്കണ്ടറി വിഭാഗം,

ഹൗസിങ് ബോർഡ് ബിൽഡിംഗ്,

തിരുവനന്തപുരം-1

*No. ICT Cell/1771/2/DGE_HSS/2020* *12th August 2020*

# ഹയർസെക്കണ്ടറി ഏകജാലക പ്രവേശനം-2020

**വിഷയം : ക്യാൻഡിഡേറ്റ് ലോഗിൻ സൃഷ്ടിക്കുന്നതിനെ സംബന്ധിച്ച് അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ**

APPLY ONLINE –SWS എന്ന ലിങ്കിലൂടെ ഓൺലൈൻ അപേക്ഷകൾ അന്തിമ കൺഫർമേഷൻ നടത്തിയവർക്ക് മാത്രമെ മൊബൈൽ ഒ.റ്റി.പി യുടെ സഹായത്താൽ ക്യാൻഡിഡേറ്റ് ലോഗിൻ സൃഷ്ടിക്കാൻ സാധിക്കുകയുള്ളു. അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും തിരുത്തലുകൾ(ക്യാൻഡിഡേറ്റ് ലോഗിനിൽ നൽകിയ വിവരങ്ങളായ സ്കീം,രജിസ്റ്റർ നമ്പർ, വർഷം,ജനനതീയതി, മൊബൈൽനമ്പർ എന്നിവ ഒഴികെ) പുതിയ വിവരങ്ങൾ ഓപ്ഷനുകൾ ഉൾപ്പെടെ ചേർക്കുന്നതിനും 2020 ആഗസ്റ്റ് 20 വരെ അവസരമുള്ളതിനാൽ "ക്യാൻഡിഡേറ്റ് ലോഗിൻ" സൃഷ്ടിക്കുന്നതിന് തിരക്ക് കൂട്ടേണ്ടതില്ല.

I. **ക്യാൻഡിഡേറ്റ് ലോഗിൻ സൃഷ്ടിക്കുന്നതിന് ചുവടെപ്പറയുന്നവ ക്രമത്തിൽ ഒന്നൊന്നായി ചെയ്യേണ്ടതാണ്:**

1) www.hscap.kerala.gov.in ന്റെ ഹോം പേജിലെ പബ്ലിക് ടാബിനു താഴെയുള്ള Create Candidate Login -sws എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക. അപ്പോൾ ദൃശ്യമാകുന്ന ചുവടെ കാണുന്ന തരത്തിലുള്ള പേജിൽ അപേക്ഷ സമർപ്പിച്ച ജില്ല തെരെഞ്ഞെടുക്കുക.



2) അപേക്ഷ സമർപ്പിച്ച ജില്ല സെലക്ട് ചെയ്ത് സബ്മിറ്റ് ചെയ്യുമ്പോൾ താഴെക്കാണുന്ന സ്ക്രീൻ കാണാവുന്നതാണ്.




3) പ്രസ്തുത പേജിൽ സ്കീം,രജിസ്ടർ നമ്പർ, പാസായ മാസം, പാസായ വർഷം, ജനനതീയതി ,സെക്യൂരിറ്റി കോഡ് എന്നിവ നൽകി സബ്മിറ്റ് ചെയ്യുമ്പോൾ താഴെ കാണുന്ന പേജ് ദൃശ്യമാകുന്നതാണ്.



4) പ്രസ്തുത പേജിലെ Send OTP ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ അപേക്ഷയിൽ നൽകിയിട്ടുള്ള മൊബൈൽ നമ്പറിലേക്ക് ഒ.റ്റി.പി. ലഭിക്കുന്നതിനോടൊപ്പം താഴെക്കാണുന്ന പേജ് ദൃശ്യമാകുന്നതാണ്.



**Candidate Login**

| | |
|---|---|
| Applied District | THIRUVANANTHAPURAM |
| Application No | 99041600 |
| Name | TEST |
| Scheme | SSLC (2007-2019) |
| Register No | 1234567 |
| Gender | Male |
| Enter the OTP Sent to Registered Mobile No | OTP. * |

Submit OTP

You need to wait 51 Seconds to Resend OTP

5) രജിസ്റ്റേർഡ് മൊബൈൽ നമ്പറിൽ ലഭിച്ച ഒ.റ്റി.പി നിർദ്ദിഷ്ഠ സ്ഥാനത്ത് എൻറർ ചെയ്ത് Submit OTP ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ താഴെകാണുന്ന പേജ് ദൃശ്യമാകുന്നതാണ്.



**Change Password**

| | |
|---|---|
| Applied District | THIRUVANANTHAPURAM |
| Application No | 99041600 |
| Name | TEST |
| Scheme | SSLC (2007-2019) |
| Register No | 1234567 |
| Gender | Male |

New Password

Type in New Password

Confirm Password

Confirm new password

Password must be more than 8 characters long & must contain at least 1 lowercase character, 1 uppercase character, 1 number & 1 special character

Update Cancel

6) പ്രസ്തുത പേജിൽ എട്ട് ക്യാരക്ടേഴ്സിൽ കുറയാത്തതും ചുരുങ്ങിയത് ഒരു ക്യാപ്പിറ്റൽ ലെറ്റർ, ഒരു സ്മാൾ ലെറ്റർ , ഒരു അക്കം, ഒരു സ്പെഷ്യൽ ക്യാരക്ടർ എന്നിവ വരുന്ന തരത്തിലുള്ള ഒരു പാസ്‌വേർഡ് New Password എന്ന ബോക്സിൽ നൽകുകയും അതു തന്നെ Confirm Password എന്ന ബോക്സിൽ നൽകുകയും വേണം. തുടർന്ന് Update ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ ക്യാൻഡിഡേറ്റ് ലോഗിൻ ക്രിയേഷൻ പൂർത്തീകരിക്കപ്പെട്ട് താഴെകാണുന്ന സ്ക്രീൻ ദൃശ്യമാകുന്നതാണ്.




7) തുടർന്ന് Candidate Login ലിങ്ക് ക്ലിക് ചെയ്ത് യൂസർ നെയിമായി അപേക്ഷാനമ്പറും പാസ്‌വേർഡും അപേക്ഷിച്ച ജില്ലയും സെലക്ട് ചെയ്ത് സമർപ്പിക്കുമ്പോൾ ക്യാൻഡിഡേറ്റ് ലോഗിനിലെ ഹോം പേജ് താഴെകാണും വിധം ദൃശ്യമാകുന്നതാണ്.



## II. ക്യാൻഡിഡേറ്റ് ലോഗിനിൽ ലഭ്യമാകുന്ന വിവിധ ലിങ്കുകൾ

### 1) Change Password

പാസ്‌വേർഡ് സുരക്ഷക്കായി നിശ്ചിത ഇടവേളയിൽ ഈ ലിങ്കിലൂടെ പാസ്‌വേർഡ് മാറ്റാവുന്നതാണ്.

### 2) Application View

അന്തിമമായി സമർപ്പിച്ച അപേക്ഷാവിവരങ്ങൾ ഈ ലിങ്കിലൂടെ കാണാവുന്നതാണ്.

### 3) Edit Application

അന്തിമമായി സമർപ്പിച്ച അപേക്ഷാവിവരങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള തെറ്റുകൾ കണ്ടെത്തിയാൽ അത് തിരുത്തുന്നതിനും പുതിയ വിവരങ്ങൾ / ഓപ്ഷനുകൾ എന്നിവ കൂട്ടിചേർക്കുന്നതിനും ഈ ലിങ്കിലൂടെ സാധിക്കുന്നതാണ്. ഡയറക്ടറേറ്റിൽ നിന്നും നൽകുന്ന സമയപരിധിയിൽ ഒരിക്കൽ മാത്രം ഈ സൗകര്യം ഉപയോഗിക്കാവുന്നതാണ്. തിരുത്തലുകൾ/ഉൾപ്പെടുത്തലുകൾ വരുത്തിയ ശേഷം അപേക്ഷ അന്തിമമായി കൺഫർമേഷൻ ചെയ്തിരിക്കണം. അന്തിമ കൺഫർമേഷൻ നടത്താത്ത അപേക്ഷകൾ അലോട്ട്മെൻറിന് പരിഗണിക്കുകയില്ല.

### 4) Economically Weaker Section(EWS) Reservation Details Entry

ജനറൽ കാറ്റഗറി അപേക്ഷകരുടെ ലോഗിനിൽ മാത്രം ലഭ്യമാകുന്ന ലിങ്കാണിത്. മുന്നോക്കക്കാരിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കായുള്ള 10% റിസർവേഷന് അർഹതയുള്ള അപേക്ഷകർ പ്രസ്തുത വിവരം രേഖപ്പെടുത്തുവാൻ ഈ ലിങ്ക് ഉപയോഗിക്കേണ്ടതാണ്. റിസർവേഷന് അർഹതയുണ്ടോ? ഉണ്ടെങ്കിൽ വില്ലേജ് ആഫീസർ നൽകുന്ന സർട്ടിഫിക്കറ്റിലെ വാർഷിക വരുമാനവും രേഖപ്പെടുത്തണം.

5) Status of Application

അപേക്ഷയുടെ നിലവിലെ സ്ഥിതി രേഖപ്പെടുത്തിയിരിക്കുന്നത് ഇവിടെയാണ്.

6) View & Print Allotment Slip

അലോട്ട്മെൻറ് പ്രസിദ്ധീകരിക്കുമ്പോൾ സ്കൂളിൽ പ്രവേശനത്തിനായി കൊണ്ടുപോകേണ്ട അലോട്ട്മെൻറ് വിവരങ്ങളും അപേക്ഷാവിവരങ്ങളും അടങ്ങിയ സ്ലിപ്പാണിത്.

7) Online Fee payment

അപേക്ഷകർക്ക് തന്നെ ഇ-ട്രഷറി സംവിധാനത്തിൽ ഓൺലൈനായി ഫീസ് അടക്കുന്നതിനുള്ള സൗകര്യമാണിത്.

**പൊതു വിദ്യാഭ്യാസ ഡയറക്ടർ**